പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 658 **13-10-2026-ൽ മറുപടിയ്ക്ക്**

<u>സഹകരണ ബാങ്കുകളുടെ ജപ്തി നടപടികളിലെ ഇളവുകൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എം. ലിജു

(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളുടെ ജപ്തി നടപടികൾ കാരണം ദുരിതത്തിലാകുന്ന സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

<u>മറുപടി:</u> സംസ്ഥാന സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽ വർധിച്ചു വരുന്ന കുടിശ്ശിക/നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടേയും സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുന്നവർ, ഗുരുതര രോഗം ബാധിച്ചവർ, കുടുംബത്തിലെ മരണങ്ങൾ, പ്രകൃതിക്ഷോഭം തുടങ്ങിയ കാരണങ്ങളാൽ യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കുടിശ്ശികയായ വായ്പകളുടെ ബാധ്യതയിൽപ്പെട്ട സഹകാരികൾക്ക് ഇളവുകളോടെ വായ്പാകണക്ക് അവസാനിപ്പിക്കുവാൻ അവസരം നൽകിക്കൊണ്ടും 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി "ആശ്വാസ് 2026" നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായ എല്ലാ സഹകാരികളിലേക്കും എത്തുന്നില്ലാ എന്ന് കണ്ടതിനെ തുടർന്ന് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിനായി വിവിധ കമ്മിറ്റികളെ പുന:സംഘടിപ്പിച്ച് സംഘം, താലൂക്ക്, ജില്ലാ, സംസ്ഥാന തല കമ്മിറ്റികളിൽ അതാത് നിയോജക മണ്ഡലം/ നിയമസഭ/ പാർലമെന്റ് അംഗങ്ങളേക്കൂടി ഉൾപ്പെടുത്തി ടി കമ്മിറ്റിയ്ക്ക് അനുവദിക്കാവുന്ന ഇളവുകൾ പുനർനിർണ്ണയിച്ചുകൊണ്ടും "ആശ്വാസ്" പദ്ധതി സംബന്ധിച്ച് മാർഗ്ഗനിർദേശങ്ങൾ പരിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുകയും ഇതിലൂടെ വളരെയധികം പേർക്ക് ആനുകൂല്യം നൽകുന്നതിനും അതിലൂടെ സഹകരണ സംഘങ്ങൾക്ക് കുടിശ്ശിക കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ആശ്വാസ് പദ്ധതി കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും എം. പി മാരെയും എം. എൽ. എ മാരെയും ഉൾപ്പെടുത്തി കമ്മിറ്റികൾ പുനഃ സംഘടിപ്പിച്ചതിലൂടെ സംസ്ഥാന തലത്തിൽ 3 ജില്ലാ തലത്തിൽ 32, താലൂക്ക് തലത്തിൽ 100, സംഘം തലത്തിൽ 9,297 എന്നിങ്ങനെ അകെ 9,432 അദാലത്തുകൾ സംഘടിപ്പിക്കുകയും അപേക്ഷകൾ തീർപ്പുകല്പിക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തുടനീളമായി 66,409 വായ്പക്കാർക്ക് 43,955.34 ലക്ഷം രൂപയുടെ ഇളവ് നൽകാനും അതിലൂടെ അതാതു സഹകരണ സംഘങ്ങൾക്കും ബാങ്കുകൾക്കും 2,15,276.65 ലക്ഷം

രൂപയുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കാനുമായിട്ടുണ്ട്. സംസ്ഥാന കമ്മിറ്റിക്കു പരിഗണിക്കാനായി ജില്ലകളിൽ നിന്നും അപേക്ഷകൾ എത്തുന്നതിനാൽ മേൽ കണക്കിൽ വർദ്ധനവ് വരുന്നതാണ്.

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ഈ പദ്ധതിയ്ക്ക് വളരെയേറെ ജനപിന്തുണ നേടുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ കമ്മിറ്റികൾക്ക് അനുവദിക്കാവുന്ന ഇളവുകളും പദ്ധതി പ്രകാരം ലഭ്യമാക്കിയിട്ടുള്ള ആനുകൂല്യങ്ങളും ചുവടെ ചേർക്കുന്നു.

1.സംഘം തല കമ്മിറ്റി

5 വർഷത്തിൽ കൂടുതൽ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ പൂർണ്ണമായും ഒഴിവാക്കുന്നു.

5 വർഷത്തിൽ താഴെ കുടിശ്ശിക ആയ 50,000 രൂപ വരെയുള്ള വായ്പയുടെ പലിശ 50% വരെ ഇളവ് നൽകുന്നു.

50,000 നു മുകളിൽ 5 ലക്ഷം വരെ ഉള്ള വായ്പകളിൽ പലിശയിൽ പരമാവധി 25% ഇളവ് നൽകുന്നു.

5 ലക്ഷം മുതൽ 25 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 15% വും വ്യവസ്ഥകൾക്ക് വിധേയമായി ഇളവ് നൽകുന്നു.

അതി ദരിദ്ര പട്ടികയിൽപ്പെട്ടവരുടെ 1 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശ പൂർണ്ണമായും 1 ലക്ഷം രൂപയ്ക്കു മുകളിൽ 5 ലക്ഷം വരെയുള്ള വായ്പകളിൽ പലിശയിൽ 50% വരെയും അധിക ഇളവ് സംഘം തല കമ്മിറ്റി നൽകുന്നു.

ഗുരുതര രോഗം ബാധിച്ചവരുടെ കാര്യത്തിൽ മേൽ ഇളവുകൾക്കു പുറമെ 50,000 രൂപ വരെയുള്ള വായ്പകളിൽ 15% വും 50,000 നു മുകളിൽ 1 ലക്ഷം വരെയുള്ളവയിൽ 12% വും 1 ലക്ഷത്തിനു നു മുകളിൽ 5 ലക്ഷം വരെയുള്ളവയിൽ 10% വും 5 ലക്ഷത്തിനു നു മുകളിൽ 10 ലക്ഷം വരെയുള്ളവയിൽ 5% വും 10 ലക്ഷത്തിനു നു മുകളിൽ 25 ലക്ഷം വരെയുള്ളവയിൽ 3% വും 25 ലക്ഷത്തിനു മുകളിൽ 2% വും അധിക പലിശ ഇളവും നൽകുന്നതാണ്.

2.താലൂക്ക് തല കമ്മിറ്റി

50,000 മുതൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 35% വരെയും 25 ലക്ഷത്തിനു മുകളിൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 20% വരെയും ഇളവ് നൽകുന്നു.

3.ജില്ലാ തല കമ്മിറ്റി

50,000 മുതൽ 5 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50% വും 5 ലക്ഷത്തിനു മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 40% വരെയും 25 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള വായ്പകളിൽ പരമാവധി 25% വരെയും ഇളവ് നൽകുന്നു.

4.സംസ്ഥാന തല കമ്മിറ്റി

ജില്ലാ തല കമ്മിറ്റിക്കു നല്കാവുന്നതിനേക്കാൾ കൂടുതൽ ഇളവ് നൽകേണ്ട സാഹചര്യമുണ്ടെങ്കിൽ അത്തരം അപേക്ഷകൾ സംസ്ഥാന കമ്മിറ്റിക്കു സമർപ്പിക്കാവുന്നതാണ്. ജില്ലാ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിലും മുതലിലും ഇളവു അനുവദിക്കാൻ സംസ്ഥാന കമ്മിറ്റിയ്ക്ക് അധികാരമുണ്ട്.

ക്യാഷ് ക്രെഡിറ്റ് വായ്പകൾക്കുള്ള ഇളവുകൾ

ക്യാഷ് ക്രഡിറ്റ് വായ്പകളിൽ അവസാന ഇടപാട് നടന്ന തീയതി മുതൽ സാധാരണ വായ്പയായി കണക്കാക്കി പലിശയിൽ അതിനനുസൃതമായ ഇളവുകൾ നൽകിയിട്ടുണ്ട്.

എം.എസ്.എസ് /എം.ഡി.എസ് വായ്പകളുടെ ഇളവുകൾ

പ്രതിമാസ നിക്ഷേപ പദ്ധതി/സ്കീമുകളിലും (എം.എസ്.എസ്, എം.ഡി.എസ്) കാലാവധി അവസാനിച്ച ശേഷം സാധാരണ വായ്പയായി കണക്കാക്കി അതിനനുസൃതമായ ഇളവുകൾ നൽകുന്നു.

ഈ പദ്ധതി പ്രകാരം പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുകയും, ഒറ്റത്തവണയായി അടയ്ക്കാൻ കഴിയാത്തവർക്ക് പദ്ധതി കാലയളവിൽ തവണകളായി അടയ്ക്കുന്നതിനും പദ്ധതി അവസാനിച്ച 30.09.2026 നുള്ളിൽ അപേക്ഷ സമർപ്പിച്ചവർക്ക് തുക അടയ്ക്കുന്നതിന് 2026 ഒക്ടോബർ 31 വരെ സമയവും അനുവദിച്ചിട്ടുണ്ട്.

(ബി) ജപ്തി നടപടികളിലേക്ക് കടക്കുന്നതിന് മുൻപ് വായ്പ തിരിച്ചടവിന് സാവകാശം നൽകുന്നതിനോ തിരിച്ചടവ് പുനഃക്രമീകരിക്കുന്നതിനോ സർക്കാരിന്റെ ഭാഗത്തുനിന്നും സഹകരണ സംഘങ്ങൾക്ക് എന്തെങ്കിലും പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) വായ്പാ തിരിച്ചടവ് മുടങ്ങിയവർക്കുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് വിശദീകരിക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ജപ്തി നടപടി നേരിടുന്നവർക്ക് വായ്പാ തിരിച്ചടവിന് എന്തെങ്കിലും പ്രത്യേക പരിഗണന നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ